(ബി) പദ്ധതിവിഹിതം വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകൾ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ച് നിർവ്വഹണം നടത്തുന്നതിന്.

(സി) ഇപ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണറേറ്റ്, നഗരകാര്യ വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) 2005 മേയ് മാസം 31 വരെ തുക ചെലവഴിച്ച് പൂർത്തീകരിച്ച സ്പിൽ ഓവർ പ്രോജക്ടുകൾക്ക് അധിക പദ്ധതിവിഹിതം ലഭിക്കുന്നതാണ്. മറ്റുള്ള സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പുവർഷത്തെ പദ്ധതിവിഹിതം ഉപയോഗിച്ച് 2005-2006 വാർഷികപദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(ഇ) അധികപദ്ധതിവിഹിതം നൽകുന്നതിനായി 2005 മേയ് മാസം 31 വരെ നിർവ്വഹണം പൂർത്തീകരിച്ച പ്രോജക്ടുകളെ സംബന്ധിച്ചും ചെലവഴിച്ച തുക സംബന്ധിച്ചും വിവരങ്ങൾ ശേഖരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണറേറ്റ്, നഗരകാര്യ വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(എഫ്) & (ജി) 2005 മേയ് മാസം 31 വരെ ചെലവഴിച്ച തുകയുടെ വിശദ വിവരങ്ങൾ ശേഖരിച്ചതിനുശേഷം അധിക പദ്ധതിവിഹിതം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നഗര-ഗ്രാമ പ്രദേശങ്ങളിൽ മാലിന്യ സംസ്കരണത്തിന് പദ്ധതികൾ

219 [3191] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലും ഗ്രാമങ്ങളിലും മാലിന്യസംസ്കരണം ഒരു മുഖ്യപ്രശ്നമായി നിലനിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്തിൽ ആരംഭിക്കാൻ തീരുമാനിച്ച മാലിന്യസംസ്കരണ പ്ലാന്റിന് ഉണ്ടായിട്ടുള്ള തടസ്സങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്ലാന്റ് ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

GPM. 2/609/2012—31

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) രണ്ടായിരാമാണ്ടിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾപ്രകാരവും 31-3-2004-ലെ സ.ഉ.നം. 40/2004/പ്ലാനിംഗ് പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് സാങ്കേതിക സഹായം നൽകുന്നതിനും പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുംവേണ്ടി സർക്കാർ ക്ലീൻ കേരള മിഷന് രൂപംകൊടുത്തിട്ടുണ്ട്. ഇതിൻപ്രകാരം മുനിസിപ്പാലിറ്റികളിലും സംയോജിത ഖരമാലിന്യ പരിപാലന പദ്ധതിക്കായുള്ള ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

തിരുവനന്തപുരം നഗരസഭ വിളപ്പിൽശാലയിൽ ഖരമാലിന്യ സംസ്കരണത്തിനായി ആധുനികരീതിയിലുള്ള ഒരു ജൈവവള നിർമ്മാണ ഫാക്ടറി സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്നു. കൂടാതെ, എ. ഡി. ബി. സഹായത്തോടെ അഞ്ചു കോർപ്പറേഷനുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കേരള സുസ്ഥിര വികസന പദ്ധതിയിൽ ഖരമാലിന്യ നിർമ്മാർജ്ജനവും ഉൾപ്പെടുന്നുണ്ട്. ഇതിന്റെ അന്തിമ തീരുമാനമായിട്ടില്ല.

(സി) ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികൾ മുഖേന പദ്ധതികൾ തയ്യാറാക്കുകയും അതിനുള്ള സാങ്കേതിക സഹായവും ഭാഗിക സാമ്പത്തിക സഹായവും ക്ലീൻ കേരള മിഷൻ നൽകിയിട്ടുണ്ട്. ഇതുവരെയായി 35 മുനിസിപ്പാലിറ്റികൾ സമ്പൂർണ്ണ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 26 മുനിസിപ്പാലിറ്റികൾക്ക് സാങ്കേതികാനുമതി നൽകുകയും അതിൽ 24 മുനിസിപ്പാലിറ്റികൾക്ക് സാമ്പത്തിക സഹായവും ക്ലീൻകേരള മിഷൻ നൽകിയിട്ടുണ്ട്. ഫാസ്റ്റ് ട്രാക്ക് പ്രോജക്ടിൽ ഉൾപ്പെടുത്തി, ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ബ്രഹ്മപുരത്ത് 65.2 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് കൊച്ചി കോർപ്പറേഷനും, കുരീപ്പുഴ ചണ്ടി ഡിപ്പോ സ്ഥാപിക്കുന്നതിനായി 11.84 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് കൊല്ലം കോർപ്പറേഷനും അനുമതി നൽകിയിട്ടുണ്ട്.

(ഡി) & (ഇ) ഉണ്ട്. വസ്തുതകൾ വിശദമായി പരിശോധിച്ച് പ്ലാന്റ് ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly